# പതിമൂന്നാം കേരള നിയമസഭ
## രണ്ടാംസമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 119*** **29.9.2011 ൽ മറുപടിക്ക്**

## 'സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്' പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ. എൻ. ഷംസുദ്ദീൻ
ശ്രീ. പി.ഉബൈദുള്ള
ശ്രീ. പി.കെ. ബഷീർ
ശ്രീ. എൻ.എ. നെല്ലിക്കുന്ന്

**ഉത്തരം**

**ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്**
**(മരാമത്ത് വകുപ്പ് മന്ത്രി)**

(എ) സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (എസ്.ആർ.ഐ.പി.) പ്രവർത്തനങ്ങൾ വിശദീകരിക്കാമോ ;

(എ) സംസ്ഥാനത്തെ 1000 കി.മി. റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ നിർമ്മിക്കുവാനുള്ള ഒരു സമഗ്ര പദ്ധതിയാണ് സംസ്ഥാന റോഡ് വികസന പദ്ധതി (SRIP). റോഡുകൾ ബലപ്പെടുത്തുക, ശാസ്ത്രീയാടിസ്ഥാനത്തിൽ വളവുകൾ നിവർത്തുക, ജംഗ്ഷനുകൾ വികസിപ്പിക്കുക, സിഗ്നലുകൾ സ്ഥാപിക്കുക, റോഡ് മാർക്കിംഗ്, കാൽനട യാത്രക്കാരുടെ സൗകര്യങ്ങൾ വികസിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ

(ബി). ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം റോഡുകളാണ് പുനരുദ്ധരിക്കുന്നത് ;

(ബി) പ്രധാനപ്പെട്ട ഡിസ്ട്രിക്ട് റോഡുകളും സ്റ്റേറ്റ് റോഡുകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) ഇതിനായി എന്ത് തുക ചെലവഴിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പിനായി ഏകദേശം 5100 (അയ്യായിരത്തി ഒരുന്നൂറ്) കോടി രൂപ മുതൽ മുടക്ക് വരുമെന്നാണ് കണക്കാക്കപ്പെടുന്നത്. പ്രസ്തുത തുക ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ ധനസഹായം, ഇൻഫ്രാസ്ട്രക്ചർ ബോണ്ട്, പബ്ലിക്ക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് മുതലായ മാർഗ്ഗങ്ങളിലൂടെ ധനസമാഹരണം നടത്തി റോഡ് നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഈ പദ്ധതി നടപ്പാക്കുന്നതിനായി ഈ സർക്കാർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

(ഡി) സ്റ്റേറ്റ് റോഡ് വികസന പദ്ധതി നടപ്പിലാക്കുവാൻ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിക്കുവാനുള്ള പ്രാരംഭ നടപടികൾ കൈക്കൊണ്ടു കഴിഞ്ഞു. ഇതുകൂടാതെ ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 200 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുള്ള പ്രാരംഭ നടപടി എന്ന നിലയിൽ ഒരു പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര ധനമന്ത്രാലയത്തിന്റെ സാമ്പത്തിക കാര്യാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ